പ്രസ്തുത വെടിവെയ്പ് കേസ്സിലുൾപ്പെട്ട 14 പോലീസുകാർ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല.

60 (1420) ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ബോർഡ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇന്റലിജന്റ് വിഭാഗമുൾപ്പെടെയുള്ള ചില വിഭാഗങ്ങളിൽ ഹെഡ്കോൺസ്റ്റബിൾ തസ്തികയിൽ നിന്നും പ്രൊമോഷൻ നടത്തുന്നതിനുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ ബോർഡ് വളരെക്കാലമായി കൂടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് പ്രൊമോഷന് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഹെഡ്കോൺസ്റ്റബിൾ തസ്തികയിൽ നിന്നും എ.എസ്.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് ഡി.പി.ബി. കൂടിയാണു സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. ഡി.പി.ബി. അടിയന്തിരമായി കൂടി അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

61 (1421) പോലീസ് സേനയുടെ നവീകരണത്തിനുള്ള ധനസഹായം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനും പരിശീലനത്തിനുംവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും 1998-1999-ൽ എന്തെങ്കിലും ധനസഹായം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) 1998-1999-ൽ സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്നും 1,32,67,995/-രൂപ (ഒരു കോടി മുപ്പത്തിരണ്ടു ലക്ഷത്തി അറുപത്തിയേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ഇതിൽ 52,97,985/- രൂപ 1996-1997-ലെയും, 79,70,010/- രൂപ 1997-98-ലെയും വിഹിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly